# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6329

08/11/2016 ൽ
മറുപടിയ്ക്ക്

## കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിപാടികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ | കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷം വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്ഘാടന പരിപാടികൾ നവംബർ ഒന്നിന് നിയമസഭാ മന്ദിരത്തിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നിയമസഭയും സംസ്ഥാന സർക്കാരും ചേർന്ന് സംഘടിപ്പിക്കുകയുണ്ടായി. 2016 നവംബർ 1 മുതൽ 2017 ഒക്ടോബർ 31 വരെ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. വജ്രകേരളം "തീം സോംഗ്", ഡോക്യുമെന്ററി, മെഗാ ഇവന്റ്, എക്സിബിഷനുകൾ, പ്രഭാഷണങ്ങൾ, പെയിന്റിംഗ്, ശിൽപ്പശാലകൾ, കേരള @ ഇന്ററാക്ടീവ് മ്യൂസിയം, ആദ്യ നിയമസഭയിലെ അംഗങ്ങളുടെ കുടുംബസംഗമം തുടങ്ങിയ പരിപാടികൾ 2016-17 സാമ്പത്തിക വർഷം സംഘടിപ്പിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ അറുപത് വർഷം വിവിധ രംഗങ്ങളിൽ സംസ്ഥാനം നേടിയ നേട്ടങ്ങളും നമുക്കുണ്ടായ കോട്ടങ്ങളും ശരിയായ രീതിയിൽ വിശകലനം ചെയ്ത് സംസ്ഥാനത്തെ സുസ്ഥിര വികസന പാതയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഈ ആഘോഷത്തിന്റെ ഭാഗമായി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അറുപത് വർഷം വിവിധ രംഗങ്ങളിൽ സംസ്ഥാനം നേടിയ നേട്ടങ്ങളും നമുക്കുണ്ടായ കോട്ടങ്ങളും ശരിയായ രീതിയിൽ വിശകലനം ചെയ്ത് സംസ്ഥാനത്തെ സുസ്ഥിര വികസന പാതയിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ഈ ആഘോഷത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | ആഘോഷപരിപാടികളിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സാന്നിധ്യം ഉറപ്പാക്കുകയും അവരുടെ ഉന്നമനത്തിനായി നൂതനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുമോയെന്ന് അറിയിക്കുമോ? | (സി | പ്രഗത്ഭരായ നമ്മുടെ രാഷ്ട്രീയ നേതാക്കളുടേയും മുൻ ഭരണ കർത്താക്കളുടേയും വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ചു കൊണ്ട്, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സാന്നിധ്യം ഉറപ്പാക്കിക്കൊണ്ടാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ